(ബി) 6-8-2005-ലെ സ.ഉ.(പി.)119/05/സാ.ക്ഷേ.വ. പ്രകാരം ക്ലാസ് 1,2 തസ്തികകളിൽ 3% സംവരണം വികലാംഗർക്കായി ഏർപ്പെടുത്തുകയും 20 തസ്തികകൾ വികലാംഗർക്ക് അനുയോജ്യമായി പ്രഖ്യാപിക്കുകയുംചെയ്തു. 13-10-2009-ലെ സ.ഉ.(പി.)43/09/സാ.ക്ഷേ.വ. പ്രകാരം ക്ലാസ് 1,2-ൽ 48 തസ്തികകൾ വികലാംഗർക്ക് അനുയോജ്യമായി പ്രഖ്യാപിക്കുകയുണ്ടായി.

(സി) ആനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വകുപ്പദ്ധ്യക്ഷന്മാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

വയനാട് ജില്ലയിൽ നടന്ന വ്യാജ വികലാംഗ നിയമനം

89 (539) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ നിയമനങ്ങളിൽ വ്യാജ വികലാംഗർ കടന്ന് കൂടിയത് സംബന്ധിച്ച അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇത്തരം നിയമനങ്ങളിൽ അനർഹർ കടന്ന് കൂടിയത് സംബന്ധിച്ച് ഇതുവരെ നടന്ന പരിശോധനകളിൽ കണ്ടെത്തിയ വസ്തുതകൾ വെളിപ്പെടുത്താമോ ;

(സി) ജില്ലയിൽ സ്ഥിരം നിയമനങ്ങൾ ലഭിച്ചവരുടെ കൂട്ടത്തിൽ അനർഹരായ വികലാംഗർ എത്ര പേരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ; വ്യാജവികലാംഗർ എന്ന് സംശയിക്കുന്നവരുടെ പേര് വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) PWD റൂൾസ് 2000-ലെ സെക്ഷൻ 7 പ്രകാരം മെഡിക്കൽ കോളേജ് സൂപ്രണ്ടിനെ ചെയർമാനായും, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ, ഇ.എൻ.റ്റി. വിഭാഗം തലവന്മാർ അംഗങ്ങളായുമുള്ള ഒരു അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിച്ച് ആരോപണ വിധേയരായിട്ടുള്ളവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

90 (540) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) വികലാംഗരായിട്ടുള്ള സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന കൺവെയൻസ് അലവൻസ് എത്രയെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത അലവൻസ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വികലാംഗരായവർക്ക് നൽകിവരുന്ന ചികിത്സാ സഹായത്തിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രതിമാസം 300 രൂപ കൺവെയൻസ് അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ജലസുരക്ഷ

91 (541) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസുരക്ഷ പദ്ധതിയുടെ പൂർണ്ണരൂപം വിശദമാക്കുമോ ;

(ബി) എത്ര നിയോജകമണ്ഡലങ്ങളിലാണ് ഈ പദ്ധതി നടത്തിപ്പിനുള്ള സമിതികൾ രൂപീകരിച്ചത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാത്ത മണ്ഡലങ്ങളിൽ ജലസുരക്ഷ പദ്ധതിയുടെ പ്രവർത്തനപുരോഗതി പരിശോധിക്കുമോ ;

(ഡി) ജലസുരക്ഷ പദ്ധതി അതർഹിക്കുന്ന പ്രാധാന്യത്തിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജലസംരക്ഷണ അവബോധത്തിനായി 'ജലസുരക്ഷ' എന്നപേരിൽ ഒരു പദ്ധതി സംസ്ഥാന ജലവിഭവവകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ട്. വിവിധ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംയോജിപ്പിച്ച് ന്യൂനതകൾ പരിഹരിച്ച് മെച്ചപ്പെട്ട ഏകോപനം ഉറപ്പുവരുത്തി ജലവിഭവ മേഖലയിലെ രണ്ടുപ്രധാന പ്രശ്നങ്ങളായ ജലദൗർലഭ്യതയും, ജലമലിനീകരണവും നേരിടുന്നതിനുള്ള ക്രിയാത്മക സമീപനമാണ് ജലസുരക്ഷ പദ്ധതിയുടെ അടിസ്ഥാനം.

1) ജലസമ്പത്ത് സംരക്ഷിച്ച് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

2) നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

3) ജലത്തിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക.

4) ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പുവരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly